


## സഹയാത്രികർ

■ അബൂഫിദൽ

# വക്കം മൗലവിയും റശീദ് രിദായും ഇ.വി കൃഷ്ണപിള്ളയുടെ ഖുർആൻ വിവർത്തനവും

**മലയാള** ആനുകാലികങ്ങളിൽ ഇസ്‌ലാമുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രസിദ്ധീകരണമാണ് ഡി.സി ബുക്സ് പ്രസിദ്ധീകരിക്കുന്ന *പച്ചക്കുതിര* മാസിക. ഇ.വി കൃഷ്ണപിള്ളയുടെ ഖുർആൻ വ്യാഖ്യാനത്തെക്കുറിച്ച് ഇ.പി രാജഗോപാൽ എഴുതിയ ലേഖനമുണ്ട് പുതിയ ലക്കത്തിൽ. 'ഇ.വി തന്റെ ആത്മകഥയായ ജീവിതസ്മരണകളിൽ ഇതിനെക്കുറിച്ച് പറയുന്നുണ്ട്-മുപ്പതാം അധ്യായത്തിന്റെ ഒടുവിലത്തെ ഖണ്ഡികയിൽ. കൊല്ലവർഷം 1097ൽ (1922) അദ്ദേഹം ഒരു വടക്കൻ യാത്ര നടത്തുന്നുണ്ട്-ഗുരുവായൂർ വരെ എത്തി. കൽക്കുളത്ത് അസിസ്റ്റന്റ് തഹസിൽദാറായി ജോലി നോക്കുന്ന കാലമായിരുന്നു. ആ മുഷിപ്പൻ പണിയിൽ നിന്ന് അവധിയെടുത്തായിരുന്നു യാത്ര. യാത്രക്ക് ശേഷം താൻ ഏറ്റെടുത്ത ഒരു സാഹിത്യപ്രവർത്തനമാണ് ഖുർആൻ വിവർത്തനം. ഇ.വിക്ക് അറബി അറിയില്ല. അലി സഹോദരന്മാരിൽ പെട്ട മുഹമ്മദ് അലിയുടെ ഇംഗ്ലീഷ് വിവർത്തനം വെച്ചായായിരുന്നു ഈ യത്നം. അത് *ഭാഷാപോഷിണി*യിലാണ് പ്രസിദ്ധപ്പെടുത്തി വന്നത്. പുസ്തകമായൊന്നും പ്രകാശിപ്പിക്കാൻ കഴിഞ്ഞില്ല. എന്തുകൊണ്ട്?- ഇതാണ് കുറിപ്പിന്റെ വിഷയം. ഇ.വിയെ ഉദ്ധരിക്കാം: 'ഈ ശ്രമം മുസ്‌ലിംകൾ എതിർത്തു. പലരും ഭീഷണിക്കത്തുകൾ അയച്ചു. വയ്യാവേലിക്കും വഴക്കിനും പോകേണ്ടെന്ന് വെച്ച് ഞാൻ ആ യത്നം സമാപിപ്പിച്ചു'.


■ ഇ.വി കൃഷ്ണപിള്ള


■ റശീദ് രിദാ

ഒരു മതത്തിന്റെ കഠിനമായ എതിർപ്പ് വരുമ്പോൾ (അത് ഏത് മതമായാലും) അതിനെ വാശിയോടെ നേരിടുകയല്ല കേരളത്തിലെ പുരോഗമനേച്ഛുക്കളുടെ പൊതുരീതി. പകരം തങ്ങൾ നടത്തുന്ന ശ്രമം ഉപേക്ഷിക്കുകയോ മരവിപ്പിക്കുകയോ ചെയ്യും. ഇന്നും ഈ ശീലം തുടരുന്നു. ഇ.വിയും ഈ നിലപാടാണ് എടുത്തത്. ഇസ്‌ലാം സമുദായത്തിൽ നിന്ന് കുറച്ച് പേർ തന്നെ പിന്തുണക്കാനെത്തിയിരുന്നുവെങ്കിൽ ഇ.വി അക്കാര്യം പറയുമായിരുന്നു. അങ്ങനെയൊരു നീക്കം ഉണ്ടായിട്ടില്ല എന്നു വേണം വിചാരിക്കാൻ. എന്നാൽ തന്റെ നിന്നു പോയ വിവർത്തനത്തെക്കുറിച്ച് മലയാളികൾ അറിയണം എന്ന് ഇ.വി ആഗ്രഹിച്ചു. പരാജയപ്പെട്ട ശ്രമം എന്ന തരത്തിൽ ഒഴിവാക്കാവുന്ന വിവർത്തന കാര്യം അദ്ദേഹം ഓർമിച്ചെഴുതിയത് ഈ ആഗ്രഹം മുൻനിർത്തിയാണ്. നന്നേ ചെറിയൊരു പരാമർശമാണ് ഇത്. എങ്കിലും കേരള ചരിത്രത്തിലെ ഒരു സ്വപ്നഭംഗത്തിന്റെ രേഖ എന്ന പ്രാധാന്യം അതിനുണ്ട് (*പച്ചക്കുതിര*, ജൂലൈ 2009).

പൊന്നാനിയിലെ ഇടതു സ്ഥാനാർഥിയായി നിർദേശിക്കപ്പെട്ട എ.പി കുഞ്ഞാമു തന്റെ 'സ്ഥാനാർഥിയനുഭവങ്ങൾ' രസകരമായി വിവരിക്കുന്നുണ്ട് ഇതേ ലക്കം 'തീവ്രവാദിപ്പട്ടം' എന്ന ലേഖനത്തിൽ. രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടി തന്നെ തീവ്രവാദിയാക്കിയതിനെക്കുറിച്ചും അങ്ങനെ ആരോപിക്കപ്പെട്ടപ്പോൾ സഹായിക്കാതിരുന്ന സഹപ്രവർത്തകരെക്കുറിച്ചും കുഞ്ഞാമുവിന് ഏറെ പരിഭവമുണ്ട്. 'മുസ്‌ലിം തീവ്രവാദിയാണ് ഞാൻ എന്ന ആരോപണം അന്ന് മാനസിക പ്രയാസമുളവാക്കിയിരുന്നുവെങ്കിലും ഇന്ന് അതിന്റെ ഭാരമൊക്കെ മനസ്സിൽ നിന്നൊഴിഞ്ഞു. പൊതുരംഗത്തിറങ്ങുമ്പോൾ നാം ചില വിചാരണകളെ നേരിടേണ്ടതുണ്ടെന്ന് എനിക്ക് മനസ്സിലായി.

ഒരു ആത്മവിചാരണക്കുള്ള അവസരമാണ് ഈ ആരോപണം എനിക്ക് ഉണ്ടാക്കിത്തന്നത് എന്നേ ഇപ്പോൾ ഞാൻ വിചാരിക്കുന്നുള്ളൂ. പക്ഷേ, മുസ്‌ലിം തീവ്രവാദിയാണെന്ന് ആരോപിക്കപ്പെട്ടപ്പോൾ പൊടുന്നനെ ഒറ്റക്കായിപ്പോയ പോലെയാണ് എനിക്ക് തോന്നിയത്. ഞാൻ വിചാരിച്ച പിൻബലമൊന്നും എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരുമായ സുഹൃത്തുക്കളിൽ നിന്ന് എനിക്ക് കിട്ടിയില്ല. പല സുഹൃത്തുക്കളും വിളിക്കുക പോലും ചെയ്തില്ല. പക്ഷേ, വിഷമസന്ധിയിൽ മക്കൾ വലിയ തുണയായി'.

*പച്ചക്കുതിര*യുടെ ഇതേ ലക്കത്തിലേക്ക് തന്നെ വരാം. സൈനുദ്ദീൻ മന്ദലാംകുന്നിന്റെ 'വക്കം മൗലവിയുടെ പ്രതിനിധാനങ്ങൾ' എന്ന പഠനാർഹമായ ലേഖനം അഭിനന്ദനമർഹിക്കുന്നു. 'ആധുനിക ഇസ്‌ലാമിക സംഘടനകൾക്ക് ഒരു പ്രതിഷ്ഠയായും പരമ്പരാഗത യാഥാസ്ഥിതിക വിഭാഗങ്ങൾക്ക് പ്രതിലോമകാരിയായ ഒരു വഹാബിയായും അനുഭവപ്പെടുന്ന ഇരുപതാം നൂറ്റാണ്ടിലെ സാമൂഹികപരിഷ്കർത്താവിനെ പുനർനിർവചിക്കാനുള്ള ശ്രമം' ആണ് ലേഖനം. 'ആധുനികമായ പ്രവണതകളിൽ നിന്ന് ഗുണപരമായത് സ്വാംശീകരിക്കാനോ ആധുനികതയുടെ വെല്ലുവിളികളെ ഇസ്‌ലാമിന്റെ തനതായ ഭൂമികയിൽ നിന്ന് സംവാദാത്മകമായി അഭിമുഖീകരിക്കാനോ ഉലമാക്കളുടെ ഭാഗത്ത് നിന്ന് വേണ്ടത്ര ശ്രമങ്ങളുണ്ടാകാത്ത പശ്ചാത്തലത്തിൽ ആധുനികതയെ നാസ്തിക മുക്തമാക്കി സ്വീകരിച്ചാൽ അത് മുസ്‌ലിം സമൂഹത്തിന്റെ അതിജീവനത്തെയും ശാക്തീകരണത്തെയും നിർണയിക്കുന്നതായിത്തീരും എന്നാണ് വക്കം മൗലവിയെപ്പോലുള്ളവർ വിശ്വസിച്ചത്. ഇതോടൊപ്പം മുസ്‌ലിം സമൂഹത്തിൽ പടർന്നു പിടിച്ച ആഭ്യന്തരമായ ജീർണതകൾക്ക് പ്രതിവിധിയായി ഒരുതരം വിധ്വംസകമായ പ്യൂരിറ്റാനിസവുമായി കടന്നുവന്ന പരിഷ്കരണ സംരംഭങ്ങളുടെ ആശയധാരകളെയും അദ്ദേഹം സ്വാംശീകരിച്ചു. എന്നാൽ ഈ ആശയങ്ങളെയെല്ലാം അദ്ദേഹം വിനിമയം ചെയ്തതാകട്ടെ ഏറെ സംയമനത്തോടെയും ഗുണകാംക്ഷയോടെയുമായിരുന്നു. പാരമ്പര്യ ഉലമാക്കൾക്കെതിരെ ഖണ്ഡന പ്രഭാഷണങ്ങൾ നടത്തുമ്പോഴും അദ്ദേഹം പുലർത്തിയ ഗുണകാംക്ഷയുടെ ഭാവം ചരിത്രത്താളുകളിൽ സവിശേഷം രേഖപ്പെട്ടു കിടക്കുന്നുണ്ട്. ഇന്നത്തെ ഇസ്‌ലാഹി കൊലവിളികൾ പോലെ ആത്മശൂന്യമായിരുന്നില്ല അദ്ദേഹത്തിന്റെ സംബോധന രീതികൾ.........ഇന്ന് ഇസ്‌ലാഹിന്റെ പേരിൽ പ്രചാരം നേടിയ വരണ്ട അക്ഷരപൂജയുടെ ആശയപ്രചാരണ രീതിശാസ്ത്രങ്ങൾക്കപ്പുറം ആഴവും അർഥ വിശാലതയുമുള്ള ഒരു ശൈലിയായിരുന്നു അദ്ദേഹം പിൻപറ്റിയത്. അതുകൊണ്ടുതന്നെയാണ് ഇബ്നു അബ്ദുൽ വഹാബിന്റെയും ഇബ്നു തൈമിയയുടെയും റശീദ് രിദായുടെയും ആശയങ്ങൾ പ്രചരിപ്പിച്ച അദ്ദേഹം തന്നെ ഇമാം ഗസ്സാലിയുടെയും ആശയങ്ങൾ പ്രചരിപ്പിച്ചത്. ഒരു പക്ഷേ, അദ്ദേഹത്തിന്റെ പിൻതുടർച്ച അവകാശപ്പെടുന്നവർക്ക് ഈ വസ്തുത അജ്ഞാതമാണ്. ഒരേ സമയം പ്യൂരിറ്റൻ ഇസ്‌ലാമിന്റെയും സൂഫി ഇസ്‌ലാമിന്റെയും പ്രതിനിധിയായി നിലകൊണ്ട വക്കം മൗലവിയെ പ്യൂരിറ്റാനിസത്തിന്റെ കള്ളിയിൽ





സ്ഥാനനിർണയം ചെയ്യുന്നത് തികഞ്ഞ അജ്ഞതയാണ്. ഇമാം ഗസ്സാലിയുടെ ആത്മജ്ഞാന ശാഖയിലെ ശ്രദ്ധേയമായ ഗ്രന്ഥം 'കീമിയാ സആദ' മലയാളത്തിലേക്ക് മൊഴിമാറ്റിയത് വക്കം മൗലവിയാണ്...'. *ദീപിക* എന്ന തന്റെ പത്രത്തിലെ ലേഖനങ്ങൾ, ബ്രിട്ടീഷ് ഭരണത്തോട് മൗലവി സ്വീകരിച്ച നിലപാടുകൾ എന്നിവ സൈനുദ്ദീൻ വിമർശനാത്മകമായി വിശകലനം ചെയ്യുന്നുണ്ട്.

'റശീദ് രിദായുടെ ആധുനികമായ സമീപനങ്ങളുടെ തനിപ്പകർപ്പുമായാണ് കേരളീയ മുസ്‌ലിം സമൂഹത്തെ വക്കം മൗലവി അഭിമുഖീകരിച്ചത്. റശീദ് രിദായുടെ ചിന്തകളുമായി അദ്ദേഹത്തിന് ആശയ സമ്പർക്കം വരുന്നത് അക്കാലത്ത് ഈജിപ്തിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന *അൽമനാർ* എന്ന അറബി പ്രസിദ്ധീകരണത്തിലൂടെയാണ്. അതിന്റെ ലക്കങ്ങൾ മൗലവി ഒരു തരം ഭ്രാന്തമായ ആവേശത്തോടെയാണ് വായിച്ചുകൊണ്ടിരുന്നത്. ഇടക്കാലത്ത് *അൽമനാറി*ന്റെ ലക്കങ്ങൾ നഷ്ടപ്പെട്ട സന്ദർഭത്തിൽ റശീദ് രിദാക്ക് മൗലവി അയച്ച കത്തിൽ ഈ അത്യാവേശം അദ്ദേഹം പ്രകടമാക്കുന്നുണ്ട്' (*പച്ചക്കുതിര*).

1898ൽ ഈജിപ്തിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ഒരു അറബി മാസിക കേരളത്തിലെ ഇസ്‌ലാമിക നവോത്ഥാനത്തിൽ നിർണായക പങ്കുവഹിച്ചുവെന്നത് കൗതുകരമായ ഒരു അനുഭവം തന്നെയാണ്. റശീദ് രിദായുടെയും *അൽ മനാറി*ന്റെയും കഥകളും കൗതുകങ്ങളും ആഴത്തിൽ പ്രതിപാദിക്കുന്നതാണ് പുതിയ ലക്കം *അത്തൗഹീദ്* (2009 ജൂൺ-ജൂലൈ) ദ്വൈമാസിക (പി.മുഹമ്മദ് കുട്ടശ്ശേരി എഡിറ്റ് ചെയ്യുന്ന ഗവേഷണ പ്രസിദ്ധീകരണമാണ് അത്തൗഹീദ്). 'സയ്യിദ് റശീദ് രിദാ: നവോത്ഥാനത്തിന്റെ ദീപസ്തംഭം' എന്ന മുഹമ്മദ് കുട്ടശ്ശേരിയുടെ ലേഖനം രിദായുടെ വ്യക്തിത്വത്തെയും സന്ദേശത്തെയും ഹൃദയഹാരിയായി വരച്ചു കാണിക്കുന്നു. *അൽമനാർ* മാസികയെക്കുറിച്ചും കുട്ടശ്ശേരി വിശദമാക്കുന്നു. സയ്യിദ് രിദായുടെ ഖുർആൻ വ്യാഖ്യാനമായ *തഫ്സീറുൽ മനാറി*നെക്കുറിച്ച് കെ.പി സകരിയ്യയുടെ ലേഖനം. രിദായുടെ *അൽമനാർ* മാസിക കിട്ടാതായപ്പോൾ വക്കം മൗലവി റിദാക്ക് അയച്ച കത്ത് പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട് (സമ്പാദനം: അബ്ദുറഹ്മാൻ മങ്ങാട്). *അൽമനാർ* മാസികയോട് വക്കം മൗലവിക്കുണ്ടായിരുന്ന അടങ്ങാത്ത ഭ്രമം ഈ കത്തിൽ ശരിക്കും വായിച്ചെടുക്കാം. റശീദ് രിദായുടെ ജീവിതത്തെയും ദർശനത്തെയും കുറിച്ച് ഡോ. ഖാലിദ് സുലൈമാൻ ഫഹ്ദാവി രചിച്ച് ഡമസ്കസിലെ ദാറുസ്വഫഹാത്ത് പ്രസിദ്ധീകരിച്ച പുസ്തകമാണ് 'അല്ലാമാ മുഹമ്മദ് റശീദ് രിദാ: അസ്റുഹു, തഹദ്ദിയാതുഹു, വമൻഹജുഹുൽ ഇസ്‌ലാഹി'. ഈ ഗ്രന്ഥത്തെ പരിചയപ്പെടുത്തിക്കൊണ്ട് മുജീബുറഹ്മാൻ കിനാലൂരിന്റെ ലേഖനം രിദായുടെ ദർശനത്തെ സമഗ്രമായി പരിചയപ്പെടാൻ ഉപകരിക്കും. മൊത്തത്തിൽ ആകർഷകമായി *അത്തൗഹീദി*ന്റെ രിദാ പതിപ്പ്. റശീദ് രിദായെ ഒരു മുജാഹിദ് ഗ്രൂപ്പിന്റെ സ്ഥാപകൻ ആക്കാൻ ശ്രമിക്കുന്ന എം.ഐ മുഹമ്മദലി സുല്ലമിയുടെ ലേഖനം മാത്രമാണ് ഒരു കല്ലുകടി (*അത്തൗഹീദ്* വിലാസം: ഐ.എസ്.എം കോംപ്ലക്സ്, ആർ.എം. റോഡ്, കോഴിക്കോട് -2).

ഈ ചർച്ചകളുടെ തുടർച്ചയായി തന്നെ കാണാവുന്നതാണ് പുതിയ ലക്കം *ശബാബി*ലെ (ലക്കം 48, ജൂലൈ 10)




മമ്പുറം തങ്ങന്മാരെക്കുറിച്ച ലേഖനം. 'വിമോചന പ്രക്ഷോഭങ്ങൾക്ക് ദിശ നൽകിയ ജനനായകന്മാർ' എന്ന തലക്കെട്ടിൽ സൈനുദ്ദീൻ മന്ദലാംകുന്ന് മമ്പുറം തങ്ങന്മാരുടെ ജീവിതവും സാമൂഹിക രാഷ്ട്രീയ ഇടപെടലുകളും വിശദീകരിക്കുന്നു. കേരളത്തിൽ ഈ വിഷയത്തിൽ ധാരാളം പഠനങ്ങൾ നടന്നതാണെങ്കിലും *ശബാബ്* വാരികയിൽ ഇത് പ്രസിദ്ധീകരിക്കപ്പെട്ടു എന്നതിന് സവിശേഷമായ പ്രസക്തിയുണ്ട്. പരിണാമവാദികൾ അടുത്ത കാലത്തായി ഉയർത്തിപ്പിടിക്കുന്ന വലിയൊരു നേട്ടമാണ് 'ഐഡ' എന്ന ഇടക്കണ്ണിയെക്കുറിച്ച കണ്ടുപിടുത്തം. എന്നാൽ ഐഡ വാദത്തിലെ തട്ടിപ്പുകൾ സാമാന്യേന പരിശോധിക്കുന്നതാണ് *ശബാബി*ലെ ടി.ടി.എ റസാഖിന്റെ 'സൃഷ്ടിവാദം പരാജയപ്പെടുകയോ' എന്ന ലേഖനം.

### *കംപാനിയനെ* പരിചയപ്പെടുക

സ്റ്റുഡന്റ്സ് ഇസ്‌ലാമിക് ഓർഗനൈസേഷൻ ഓഫ് ഇന്ത്യ (എസ്.ഐ.ഒ) യുടെ ഇംഗ്ലീഷ് മുഖപത്രമാണ് *'ദ കംപാനിയൻ'*. ഹിന്ദിയിലും ഉർദുവിലും എസ്.ഐ.ഒ വിന് വെവ്വേറെ മുഖപത്രങ്ങളുണ്ട്. വിദ്യാഭ്യാസം, കാമ്പസ് തുടങ്ങിയ വിഷയങ്ങളിൽ ഗഹനങ്ങളായ ലേഖനങ്ങളും ശ്രദ്ധേയമായ നിരീക്ഷണങ്ങളും 'കംപാനിയ'ന്റെ പ്രത്യേകതയാണ്. ദേശീയ തലത്തിലെ എസ്.ഐ.ഒ പ്രവർത്തനങ്ങളെക്കുറിച്ച വാർത്തകളും ലഭ്യമാണ്. മലയാളിയായ ഷെഹിൻ. കെ ആണ് പത്രാധിപർ. ദൽഹിയിലെ ഓഖ്‌ലയിൽ നിന്ന് പ്രസിദ്ധീകരിക്കുന്നു. www.sio-india.org എന്ന വെബ്സൈറ്റിൽ കംപാനിയന്റെ ഓൺലൈൻ പതിപ്പ് വായിക്കാം.

### കമല സുറയ്യ

കമല സുറയ്യയുടെ വിയോഗത്തിന് ശേഷം ഏതാണ്ടെല്ലാ മുസ്‌ലിം പ്രസിദ്ധീകരണങ്ങളും നിരവധി അനുസ്മരണ ലേഖനങ്ങളും പഠനങ്ങളും പ്രസിദ്ധീകരിച്ചു. എല്ലാം ഒന്നിനൊന്ന് മെച്ചമായിരുന്നുവെന്ന് തന്നെ പറയാം. അവരുടെ ജീവിതത്തെയും മരണത്തെയും അതിന്റെ ബഹുവർണങ്ങളെയും ആവേശത്തോടെ സ്വീകരിക്കാനും പ്രതിഫലിപ്പിക്കാനും മുസ്‌ലിം പ്രസിദ്ധീകരണങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ഇവയിൽ ഏറെ ശ്രദ്ധയോടെ സുറയ്യ പതിപ്പ് പുറത്തിറക്കിയത് *ആരാമം* വനിതാ മാസികയാണെന്ന് തോന്നുന്നു. ലേ ഔട്ട് മുതൽ എഡിറ്റിംഗ് വരെ പൂർണമായും വനിതകൾ തന്നെ നടത്തുന്ന അപൂർവം വനിതാ മാസികയാണ് *ആരാമം.* സുറയ്യയുടെ മനസ്സ് നന്നായി വായിക്കാൻ അവർക്ക് സാധിച്ചുവെന്നിരിക്കാം. എ.കെ അബ്ദുൽ മജീദ്, റഹ്മാൻ മുന്നൂർ എന്നിവർ എഴുതിയ സുറയ്യ അനുസ്മരണങ്ങൾ പ്രത്യേകം പരാമർശമർഹിക്കുന്നു. സുറയ്യയുടെ ആരോപണം ശരിയാണോ'? ഉത്തരത്തിൽ നിന്ന്: 'കമലാ സുറയ്യയുടെ പഴയകാല വാക്കുകൾ പോലെ പുതിയ വാക്കുകളും വിവാദമായതാണ്. അതിനാൽ അവരെ ബ്രാന്റ് ചെയ്യുന്നതിനെക്കാൾ നല്ലത് നിസ്സംഗതയാണെന്ന് മുജാഹിദ് നേതൃത്വത്തിനും തോന്നിക്കാണണം. അവർ ഇസ്‌ലാമിന്റെ വിശ്വാസ കാര്യങ്ങൾ ഉൾക്കൊണ്ടിട്ടുണ്ടെങ്കിൽ നല്ലതു തന്നെ. ഇവർ ഇസ്‌ലാം ഉൾക്കൊണ്ടിട്ടില്ലെന്ന് സ്ഥാപിക്കുന്ന ലേഖനങ്ങളും പുറത്തുവന്നുകൊണ്ടിരിക്കുന്നു. അതിലും മുജാഹിദുകൾ കക്ഷി ചേരുന്നില്ല...' (*വിചിന്തനം* 2009 ജൂൺ 26)

### കാരശ്ശേരിയുടെ സങ്കടം

സ്ത്രീകളോട് ഇസ്‌ലാം ചെയ്യുന്ന മഹാക്രൂരതകൾ മാലോകരെ അറിയിക്കുക എന്നത് ജന്മദൗത്യമായി ഏറ്റെടുത്ത ആളാണ് എം.എൻ കാരശ്ശേരി. ഇക്കാര്യം കമലാ സുറയ്യയെയും അറിയിക്കണമെന്നത് ടിയാന്റെ അതിയായ ആഗ്രഹമായിരുന്നു. അക്കാര്യം അദ്ദേഹം തന്നെ പറയട്ടെ: 'പ്രത്യക്ഷമായും പരോക്ഷമായും ഇന്ത്യൻ സ്ത്രീവാദത്തെ തെഴുപ്പിച്ച ഒരു എഴുത്തുകാരി പലകാര്യങ്ങളിലും സ്ത്രീയോട് പ്രകടമായ വിവേചനം കാണിക്കുന്ന ഒരു മതത്തിലേക്ക് മാറി എന്നതായിരുന്നു മൂന്നാമത്തേത്. മൂന്ന് പതിറ്റാണ്ട് മുമ്പ് കോഴിക്കോട്ടെ കാബറെ വിരുദ്ധ സമരത്തെ നിന്ദിച്ച മാധവിക്കുട്ടി പർദയുടെ മഹിമയെ വാഴ്ത്തുന്നതിലെ വിസ്മയം. ബഹുഭാര്യത്വം, വിവാഹമോചനം, അനന്തരാവകാശം തുടങ്ങിയ കാര്യങ്ങളിൽ മുസ്‌ലിം സ്ത്രീ നേരിടുന്ന വിവേചനങ്ങളെപ്പറ്റി നിരവധി ഉദാഹരണങ്ങൾ നിരത്തി ഞാൻ അവരോട് സംസാരിച്ചിട്ടുണ്ട്. ഒരിക്കലും ഒരിക്കലും അതൊന്നും മനസ്സിലാക്കാൻ അവർ കൂട്ടാക്കിയില്ല' (എം. എൻ കാരശ്ശേരി, *ഭാഷാപോഷിണി* മാസിക 2009 ജൂലൈ). എന്തു ചെയ്യാനാ, കാരശ്ശേരി മാഷുടെ പതിറ്റാണ്ടുകൾ പൂർത്തിയായ ഉദാഹരണങ്ങൾ മനസ്സിലാക്കാൻ ആരും കൂട്ടാക്കുന്നില്ലല്ലോ; വല്ലാത്തൊരു സാംസ്കാരിക ദുരന്തം തന്നെ! ■

**എന്തു ചെയ്യാനാ, കാരശ്ശേരി മാഷുടെ പതിറ്റാണ്ടുകൾ പൂർത്തിയായ ഉദാഹരണങ്ങൾ മനസ്സിലാക്കാൻ ആരും കൂട്ടാക്കുന്നില്ലല്ലോ; വല്ലാത്തൊരു സാംസ്കാരിക ദുരന്തം തന്നെ!**

*പക്ഷിയുടെ മണം* എന്ന കഥയെ ആസ്പദമാക്കിയാണ് അബ്ദുൽ മജീദിന്റെ ലേഖനം. ഗംഭീരം. ഓരോ വായനക്ക് ശേഷവും *പക്ഷിയുടെ മണം* നമ്മിൽ പുതിയ പുതിയ ദാർശനിക അനുഭൂതികൾ സൃഷ്ടിക്കുന്നു. പുതിയ പുതിയ വായനകളിലേക്ക് നയിക്കുന്നു. *പക്ഷിയുടെ മണ*ത്തെക്കുറിച്ച് ഇസ്‌ലാമിക നിരൂപണ ശാസ്ത്രത്തിന്റെ അടിത്തറയിൽ നിന്ന് കൊണ്ട് ഇനിയും ധാരാളം പഠനങ്ങൾ വരേണ്ടതുണ്ട് എന്നു തോന്നുകയാണ്.

കൂട്ടത്തിൽ ഒരു തമാശ. സുറയ്യയെക്കുറിച്ച് ഒരു ലേഖനമോ അനുസ്മരണമോ വരാത്ത ഒരേയൊരു മുസ്‌ലിം ആനുകാലികം മുജാഹിദ് വിഭാഗത്തിന്റെ *വിചിന്തനം* വാരികയാണ്. സുറയ്യയുടെ തൗഹീദിന്റെ പൂർണതയെക്കുറിച്ച് അവർക്കിനിയും സംശയം തീർന്നു കിട്ടിയിട്ടുണ്ടാവില്ല.

മുജാഹിദുകളുടെ ഈ നിലപാടിനെക്കുറിച്ച് ഒരു വായനക്കാരി ചോദിക്കുന്നുണ്ട്: 'കമലാ സുറയ്യയുടെ കാര്യത്തിൽ മാധ്യമങ്ങളും മതസംഘടനകളും സ്വീകരിച്ച നിലപാടുകളിൽ ഏതാണ് ശരി? മുജാഹിദ് പ്രസ്ഥാനം ഈ വിഷയത്തിൽ നിസ്സംഗത പുലർത്തിയെന്ന